III ഇ.ബി. XII-കേരള നിയമസഭ /V-10

## പന്ത്രണ്ടാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

## 2007 ജൂലായ് 6, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

### I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം (*301, *302, &*303) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

### II. അടിയന്തിരപ്രമേയം

മൂന്നാറിൽ ടാറ്റാ കമ്പനി കയ്യേറിയ 1280 ഏക്കർ ഭൂമി തിരിച്ചു പിടിച്ചുവെന്ന മുഖ്യമന്ത്രിയുടെ നിലപാടിന് വിരുദ്ധമായി റവന്യൂ വകുപ്പുമന്ത്രി നിയമസഭയിൽ പ്രസ്താവന നടത്തിയതുമൂലം ഉളവായി ട്ടുള്ളതായി പറയപ്പെടുന്ന സാഹചര്യം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. ജി. കാർത്തികേയനും മറ്റ് നാല് അംഗങ്ങളും നോട്ടീസ് നൽകിയ അടിയന്തിര പ്രമേയത്തിന് മുഖ്യമന്ത്രി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ച നടപടിയിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻചാണ്ടി പ്രസ്താവന നടത്തിക്കൊണ്ടിരിക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചില വിശദീകരണങ്ങൾ നൽകിയെങ്കിലും പ്രതിപക്ഷാംഗങ്ങൾ സീറ്റ് വിട്ട് കൂടിനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.).

സഭാനടപടികൾ സുഗമമായി നടത്തിക്കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ സഭ പിരിയുന്നതായി ബഹുമാനപ്പെട്ട സ്പീക്കർ അറിയിച്ചു.

2007 ജൂലായ് മാസം 9-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ രാവിലെ 10.11-ന് പിരിഞ്ഞു.